പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3110 18.10.2016-ൽ മറുപടിയ്ക്ക്

## കായികരംഗത്തെ സമഗ്ര പുരോഗതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.അബ്ദു റഹിമാൻ<br>ശ്രീ.സി.കെ.ഹരീന്ദ്രൻ<br>ശ്രീ.എം.മുകേഷ്<br>ശ്രീ.യു.ആർ.പ്രദീപ് | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കായിക രംഗത്തെ സമഗ്ര പുരോഗതിയ്ക്ക് എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | കായികരംഗത്തിന്റെ സമഗ്ര പുരോഗതിക്കായി എല്ലാ പഞ്ചായത്തുകളിലും ഒരു മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിനും 14 ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.<br>31.08.2016-ൽ കൂടിയ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അഡ്മിനിസ്ട്രേറ്റീവ് ബോർഡ് യോഗം 1 മുതൽ 4 വരെയുള്ള ലോവർ പ്രൈമറി വിദ്യാർത്ഥികളിൽ കായികക്ഷമത നടപ്പിലാക്കുന്നതു സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിയ്ക്കുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പ്രസിഡന്റിനേയും 5 മുതൽ 10 വരെയുള്ള വിദ്യാർത്ഥികളിൽ കായികക്ഷമത എങ്ങനെ മെച്ചപ്പെടുത്താം എന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കായി ഒരു കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | എല്ലാ ജില്ലകളിലും മൾട്ടി പർപ്പസ് സ്റ്റേഡിയങ്ങൾ, മിനി സ്റ്റേഡിയങ്ങൾ എന്നിവ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ബി) | 08.07.2016-ൽ ബഹു.ധനകാര്യവകുപ്പ് മന്ത്രി പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിൽ എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള വിശദമായ ഡി.പി.ആർ സ്പോർട്സ് വകുപ്പ് തയ്യാറാക്കി ഘട്ടംഘട്ടമായി നടപ്പിലാക്കുമെന്നും, തുടക്കമെന്ന നിലയിൽ അനുബന്ധത്തിൽ പറയുന്ന കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 5 കോടി രൂപ വീതം വകയിരുത്തുന്നതായും ഇതിനായുള്ള 135 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും കണ്ടെത്തുന്നതാണെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

1. നീലേശ്വരം ഇ.എം.എസ് സ്റ്റേഡിയം
2. ധർമ്മടം അബുചാത്തുക്കുട്ടി സ്റ്റേഡിയം
3. കൂത്തുപറമ്പ് മുനിസിപ്പൽ സ്റ്റേഡിയം
4. പടിയൂർ ഇൻഡോർ സ്റ്റേഡിയം
5. മട്ടന്നൂർ സ്റ്റേഡിയം
6. വയനാട് ജില്ലാ സ്റ്റേഡിയം
7. പുല്ലൂർപാറ, തിരുവമ്പാടി
8. നടവണ്ണൂർ വോളീബോൾ അക്കാദമി
9. എടപ്പാൾ ഗവ. എച്ച്.എസ്.എസ്
10. നിലമ്പൂർ മിനിസ്റ്റേഡിയം
11. പാലക്കാട് ഇൻഡോർ സ്റ്റേഡിയം
12. ചിറ്റൂർ ഗവ. കോളേജ് സ്പോർട്സ് കോംപ്ലക്സ്
13. തിരുമിറ്റക്കോട് ചാത്തന്നൂർ എച്ച്.എസ്.എസ്
14. ചാലക്കുടി മുനിസിപ്പാലിറ്റി സ്റ്റേഡിയം
15. ഇളങ്കുന്നപ്പുഴ സാന്താക്രൂസ് ഗ്രൗണ്ട്
16. പള്ളിപ്പുറം എഞ്ചിനീയറിംഗ് കോളേജ് ഗ്രൗണ്ട്, അരൂർ
17. പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയം
18. അമ്പലപ്പുഴ ഗവ. കോളേജ് സ്റ്റേഡിയം
19. ആലപ്പുഴ ഇ.എം.എസ് സ്റ്റേഡിയം രണ്ടാം ഘട്ടം
20. അയ്മനം പഞ്ചായത്ത് സ്റ്റേഡിയം
21. നെടുങ്കണ്ടം സ്റ്റേഡിയം
22. കോട്ടംകര മിനിസ്റ്റേഡിയം, കുണ്ടറ
23. ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം
24. കണ്ണൂർ ജവഹർ സ്റ്റേഡിയ് (10 കോടി)
25. അടൂർ മുനിസിപ്പൽ സ്റ്റേഡിയം ( 10 കോടി)

Manoj M
സെക്ഷൻ ഓഫീസർ